# <u>പ്രേതഭാവനയുടെ സാസ്കാരികതലം : മധ്യകേരളത്തിലെ പുലയസമുദായത്തിലെ വാമൊഴി അറുവുകളെ അടിസ്ഥാനമാക്കി ഒരു പഠനം</u>

അനൂപ്. വി

അസിസ്റ്റന്റ് പ്രൊഫസർ ,മലയാളവിഭാഗം

പ്രാക്ചരിത്ര (Pre-Historic) സമൂഹത്തിലെന്നപോലെ ഇന്നും വിഭിന്ന ദേശ സംസ്കാരകൂട്ടായ്മകളുടെ അടിയടരായി വർത്തിക്കുന്ന ഒരു വിശ്വാസമാണ് മന്ത്രവാദം. പ്രകൃതിപ്രതിഭാസങ്ങളെ നിയന്ത്രിക്കുന്ന അമാനുഷികശക്തികളെക്കുറിച്ചുള്ള ഗവേഷണത്തിൽനിന്നും അവയെ സ്വാധീനിച്ചു പ്രകൃതിയെ നിയന്ത്രിക്കുവാനുള്ള മാനുഷിക ശ്രമത്തിലേക്കുള്ള യാത്രയിലാകാം മന്ത്രവാദത്തിന്റെ പിറവി. അതുകൊണ്ടു തന്നെയാകാം ശാസ്ത്രത്തിന്റെ പ്രാരംഭദശയെന്നും കപടശാസ്ത്ര(psudeo science)മെന്നുമൊക്കെ പലപ്പോഴും മന്ത്രവാദം വിലയിരുത്തപ്പെട്ടിട്ടുള്ളത്.

മന്ത്രവാദത്തിനകത്തെ വ്യവഹാരങ്ങളിലധികവും അതിമാനുഷികവും അതീന്ദ്രിയവും അതിഭൗതികവുമായ ഘടകങ്ങളാണെങ്കിലും ജനതയെ അതിനു പ്രേരിപ്പിച്ച ഘടകം തീർത്തും ഭൗതികവും സാമൂഹികവുമാണെന്നതു മന്ത്രവാദത്തെ സംബന്ധിച്ചുള്ള ആധുനിക പഠന ങ്ങളിൽ പ്രസക്തമാകേണ്ടുന്ന ഒന്നാണ്. ആദിമജനതയുടെ ജീവിതവുമായി ബന്ധപ്പെട്ടു പ്രസക്തമായ പ്രപഞ്ചരഹസ്യാന്വേഷണ സ്വഭാവവും അതീന്ദ്രിയ ശക്തികളിലുള്ള വിശ്വാസവും അടിത്തറയായി വളർന്ന ഒരു ചിന്താപദ്ധതിയാണ് മന്ത്രമെന്നു പറയാം. എല്ലാ ഫോക്‌ലോർ രൂപങ്ങളെയുംപോലെത്തന്നെ മന്ത്രവാദവും വ്യത്യസ്ത കാലഘട്ടങ്ങളിൽ അതതു സമൂഹം ആവശ്യപ്പെടുന്ന വിഭിന്ന ധർമ്മങ്ങൾക്കനുസൃതമായി രൂപപരിണാമങ്ങൾക്കും പുത്തൻ സങ്കല്പനങ്ങൾക്കും വിധേയമായിട്ടുണ്ട്. ഈയൊരു അടി സ്ഥാനധാരണയിൽ നിന്നുകൊണ്ടാണ് ഈ പ്രബന്ധം സംവിധാനം ചെയ്തിരിക്കുന്നത്.

മാന്ത്രികലോകത്തിന്റെ സാംസ്കാരികതലം എന്ന ആശയത്തെ വിശദീകരിക്കുമ്പോൾ എറ്റവും പ്രധാനപ്പെട്ട ഒന്നാണ് മരണാനന്തരലോകവും പ്രേതഭാവനയും. മന്ത്രവാദത്തിന്റെ അതിഭൗതികതലത്തെ നിർണ്ണയിക്കുന്നതിൽ പ്രധാനമാണ് ഈ ഭാവനകൾ. മന്ത്രവാദമെന്ന സാംസ്കാരികപ്രതിഭാസത്തെ സാധ്യമാക്കത്തക്കവിധം വിസ്തൃതമായിത്തീർന്നിട്ടുള്ള പ്രേതഭാവനകളുടെ സാംസ്കാരികസ്വത്വം അന്വേഷിക്കുകയെന്നതാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം. നാലു അധ്യായങ്ങളിലായി സംവിധാനം ചെയ്തിട്ടുള്ള പ്രബന്ധത്തിന്റെ ആദ്യത്തെ അധ്യായത്തിൽ മന്ത്രവാദത്തിന്റെ സാംസ്കാരികതലമാണ് അന്വേഷിക്കുന്നത്. ആ അന്വേഷണത്തിലൂടെ എന്നോ അവസാനിച്ചു ഭൂതകാലവേരുകൾ നഷ്ടപ്പെട്ട ഒന്നല്ല ജനതയുടെ മാന്ത്രചശഭാവലകളെന്നും സമകാലികസമൂഹവുമായി വ്യാവഹാരിക ബന്ധം നിലനിർത്തുന്ന ഒന്നാണെന്നും ഈ പ്രബന്ധം കണ്ടെത്തുന്നു. ഈ സമകാലികതയുടെ അടിസ്ഥാനത്തിൽ മന്ത്രവാദത്തെ നിർവചിക്കാനുള്ള ശ്രമവും അധ്യായത്തിൽ നടത്തുന്നുണ്ട്.

രണ്ടാമത്ത അധ്യായത്തിൽ തൃശ്ശൂർ ജില്ലയിലെ തിരഞ്ഞെടുത്ത പ്രദേശങ്ങളിൽ നിന്നായി ലഭിച്ചിട്ടുള്ള ഇരുപത് ആഖ്യാനങ്ങളെ വിവരണാത്മകരീതിയിൽ രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. വിശകലനത്തിനുള്ള സൗകര്യമെന്ന നിലയിൽ ഓരോ ആഖ്യാനത്തിനൊടുവിലും ആവേദകന്റെ പേരും നമ്പറും നല്കുക എന്ന രീതിയാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. അനുബന്ധത്തിൽ ആവേദകരുടെ പൂർണ്ണ വിവരം നല്കിയിട്ടുള്ളതിനാൽ പേരും സമുദായവും വയസ്സും മാത്രമെ ഈ അധ്യായത്തിൽ നല്കിയിട്ടുള്ളു. നേരിട്ടുചെന്ന് കണ്ടു വോയ്സ് റെക്കോർഡർ മുഖേന രേഖപ്പെടുത്തുക എന്ന മാർഗ്ഗമാണ് സ്വീകരിച്ചിട്ടുള്ളത്.

പ്രേതഭാവനയുടെ സാംസ്കാരികതലമെന്ന മൂന്നാമത്തെ അധ്യായത്തിൽ ഈ ആഖ്യാനങ്ങളെ സൂക്ഷമവിശകലനം ചെയ്ത അതിന്റെ സാംസ്കാരികസാധ്യതകളെ കണ്ടെത്തുവാനുള്ള ശ്രമമാണ്. അതിലൂടെ കണ്ടെത്തിയ പ്രധാനപ്പെട്ട നിഗമനങ്ങളെ –

1. മന്ത്രവാദം നിലനില്ക്കുന്ന ഒരു ജനതയ്ക്കിടയിലെ അതീന്ദ്രിയവ്യവഹാരം സാധ്യമാക്കുന്ന ഒരു ഘടകം തങ്ങളുടെ സ്വകാര്യമണ്ഡലത്തിൽ അവർ സൃഷ്ടിച്ചെടുക്കുന്ന മാന്ത്രികമ

ണ്ഡലമാണ്. പുലയ ആരാധനാസ്ഥലമായ പതി ആ ജനതയ്ക്കകത്തെ മാന്ത്രികവ്യവഹാര ങ്ങളെ സാധ്യമാക്കുന്ന ഒരു മാന്ത്രികമണ്ഡലമായി മാറുന്നുണ്ട്.

2. ഭൗതികസാമൂഹ്യക്രമത്തിൽ നിന്നു ഭിന്നമായി ഈ മാന്ത്രികസ്ഥലരാശിയിൽ അവ രുടെ നില്പ്പുസ്ഥാനവുമായി ബന്ധപ്പെട്ട് പുതിയ അധികാരഘടന രൂപപ്പെടുത്തുകയും ആ ഘട നയിൽ തങ്ങളുടെ മൂർത്തികളും പൂർവ്വികരും മേൽപ്പോട്ട് ഉയർത്തപ്പെടുകയും അവഗണിക്ക പ്പെട്ട ഭൂതകാലത്തെ അടയാളപ്പെടുത്തുന്ന ചരിത്രാഖ്യാനങ്ങളായി അവ മാറ്റപ്പെടുകയും ചെയ്യു ന്നതോടെയാണ് ജനതയുടെ പുരാവൃത്തങ്ങളുടെയും മാന്ത്രികകഥകളുടേയും രാഷ്ട്രീയം തിരി ച്ചറിയപ്പെടുന്നത്.

3. വ്യത്യസ്തകാലങ്ങളിലായി വിഭിന്ന അധികാരവ്യവസ്ഥിതിയ്ക്കകത്തു നിലനിന്നിരുന്ന പ്രേതസങ്കല്പങ്ങളെ സവിശേഷമായ വർത്തമാനകാലത്തിൽ സമന്വയിപ്പിക്കുവാൻ ഈ ദേശമാ തൃകയ്ക്കാവുന്നുണ്ട്. ഇത്തരം സാങ്കല്പികദേശക്രമവും അധികാരവ്യവസ്ഥയും ഓരോ ജനത യുടെ മാന്ത്രികമണ്ഡലത്തിലും കണ്ടെത്താവുന്നതാണ്. ഏകശിലാരൂപങ്ങളായ അധികാരവ്യവ സ്ഥയെ തകർക്കുകവഴി പുതിയ പ്രത്യയശാസ്ത്രനില സ്ഥാപിച്ചെടുക്കുവാൻ കാലാതീതമായ ഈ ദേശസങ്കല്പത്തിനാവുന്നുണ്ട് എന്നതാണ് ഈ മാന്ത്രികസ്ഥലരാശിയുടെ സവിശേഷത. അതു തന്നെയാണ് ഈ മാന്ത്രികമണ്ഡലത്തിന്റെ രാഷ്ട്രീയവും.

വിവരണാത്മകരീതിയിൽ ഉപസംഹാരമെന്ന നിലയിൽ ക്രോഡീകരിക്കുകയുമാണ് പ്രബന്ധത്തിൽ ചെയ്തിരിക്കുന്നത്. മാന്ത്രികഭാവനകളിലെ പ്രധാനഘടകമായ പ്രേതഭാവനകളെ അതിഭൗതികയിൽനിന്നു വിടർത്തി അതിന്റെ സാംസ്കാരികതലത്തെ അന്വേഷിക്കുവാനുള്ള ശ്രമമെന്ന നിലയിലാണ് ഈ പ്രബന്ധം പ്രസക്തമാകുന്നത്.